ഈ കാലഘട്ടത്തിലെ മനുഷ്യരുടെ സംശയങ്ങളും ക്ലേശങ്ങളും, അനുഭവങ്ങളും ആകൃതിയിലും പ്രകൃതിയിലും കുരുക്ഷേത്ര യുദ്ധകാലത്തേക്കാൾ അത്രയൊന്നും വ്യത്യസ്തമല്ല. തത്ത്വജ്ഞാനപരമായ ഒരു പശ്ചാത്തലത്തെ - ഒരു രക്ഷാകവചത്തെ - അന്നത്തേക്കാൾ എത്രയോ അധികം ഇന്നത്തെ ജനങ്ങൾ ആഗ്രഹിക്കുകയും കയ്യെത്തിപ്പിടിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. നാമോരോരുത്തരും ബന്ധനസ്ഥരാണ്. 'കാമക്രോധമോഹലോഭാദി' കളാവുന്ന ചങ്ങലകൾ നമ്മെ വരിഞ്ഞ് കെട്ടിയിരിക്കുന്നു. ഇരുട്ടിൽ കിടക്കുന്ന നമുക്ക് ആ കെട്ടുകൾ അഴിക്കാൻ വെളിച്ചം ആവശ്യമാണ്. സാത്വികപ്രകാശം അഥവാ ജ്ഞാനപ്രകാശം ഇവിടെ വ്യാപിക്കണം.

അർജ്ജുനനെ മുൻനിർത്തിക്കൊണ്ടാണെങ്കിലും യുദ്ധക്കളത്തിൽ വെച്ചാണെങ്കിലും ഭഗവാൻ പറയുന്ന ഈ ഉപദേശങ്ങൾ സാധാരണ ജനങ്ങൾക്ക് വേണ്ടിയുള്ളതാകുന്നു. അവരുടെ ജീവിതം സമാധാനവും, സന്തോഷവും നിറഞ്ഞതാവാൻ ഭഗവാൻ പ്രധാനമായും മൂന്നുപദേശങ്ങളാണ് ഗീതയിലൂടെ പാർത്ഥന് നൽകുന്നത്. ആദ്യമായി 'ആത്മതത്വ' ത്തെ ക്കുറിച്ചാണ് ഭഗവാൻ പറയുന്നത്. ആത്മാവ് നിത്യമാണ്. അനശ്വരമാണ്. അത് ജനിക്കുകയോ, മരിക്കുകയോ ചെയ്യുന്നില്ല. രണ്ടാമത്തെ

വിഷയം "ദേഹനാശ' മാകുന്നു. ഈ ശരീരം പഞ്ചഭൂതാത്മകമാണ്. ജഡമാണ്. നശ്വരമാണ്. അതിന്റെ വരവും വലുതാവലും മരിക്കലും അനിവാര്യമാണ്. മൂന്നാമത്തേതിനെ നമുക്ക് 'സ്വധർമ്മം' എന്ന് വിളിക്കാം. എല്ലാവർക്കും എല്ലാറ്റിനും അതതിന്റേതായ ഒരു ധർമ്മമുണ്ട്. അവയുടെ ഗുണദോഷത്തേയും ഫലപ്രാപ്തിയേയും കുറിച്ച് ചിന്തിക്കാതെ സ്വധർമ്മം നാം നിർവ്വഹിച്ചേ തീരൂ. "എന്റെ കർമ്മം ഫലേച്ഛ കൂടാതെ ഞാൻ ചെയ്യും." ഇതായിരിക്കണം മനസ്സും, മനോഭാവവും. "കർമ്മണ്യേവാധികാരസ്തേ" എന്ന ശ്ലോകം പറയുന്നതും ഇതുതന്നെ. ഗീത പ്രകാശിപ്പിക്കുന്ന മതം എല്ലാ മതങ്ങൾക്കും അതീതമായതും, ഒരുവിധത്തിൽ മതേതരവുമായ ഒരു ഈശ്വരാർപ്പണ മതമാകുന്നു. ഈശ്വരൻ ഒന്നേ ഉള്ളൂ എന്ന് എല്ലാവരും സമ്മതിക്കും. ഹിന്ദുവിനും, ക്രിസ്തുവിനും മുഹമ്മദിനും, ബൗദ്ധനും വേറെ വേറെ ദൈവമുണ്ടാവാൻ സാദ്ധ്യതയില്ല. യൂറോപ്പിനും ഏഷ്യയ്ക്കും അമേരിക്കയ്ക്കും ആഫ്രിക്കയ്ക്കും പ്രത്യേകം പ്രത്യേകം ദൈവവുമില്ല. നൂറ്റാണ്ടുകൾക്കും വേറെ വേറെ ദൈവങ്ങളില്ല എന്നിരിക്കെ ഇന്നെന്താണ് നാം കാണുന്നത്? "സർവ്വധർമ്മാൻ പരിത്യജ്യമാമേക ശരണം വ്രജ" - മതങ്ങളെയൊക്കെ മാററിവെച്ച് എല്ലാ മതങ്ങളും നിർദ്ദേശിക്കുന്ന സർവ്വേശ്വരനായ എന്നെ മാത്രം നീ ശരണം പ്രാപിക്കുക - ഇതാണ് ഗീതയുടെ മതം. ഗീത മതപ്രസംഗമല്ല ചെയ്യുന്നത്. ഈശ്വരപ്രാപ്തിക്കുള്ള പ്രസംഗമാണ്.

ഭഗവാന്റെ ഉപദേശങ്ങൾ കേട്ട പാർത്ഥൻ തെളിഞ്ഞ മനസ്സോടെ ഗാണ്ഡീവം കയ്യിലെടുക്കുന്നു. സധൈര്യം യുദ്ധം ചെയ്ത് രാജ്യം വീണ്ടെടുത്ത് ജീവിതോദ്ദേശ്യം സമ്പൂർണ്ണമാക്കുന്നു. ഈ സ്ഥിതിയും പരിവർത്തനവുമാണ് ഗീതയെ സാർവ്വജനീനവും സർവ്വപ്രിയവുമാക്കുന്നത്. നാമൊക്കെ അർജ്ജുനന്മാരാണ്. സ്വധർമ്മമറിയാത്തവരും, സംശയാലുക്കളും, കർത്തവ്യവിമൂഢരുമാണ്, നമുക്കൊക്കെയും ആ "കൃഷ്ണചികിത്സ'' ആവശ്യമാണ്. ക്ഷുദ്രമായ ഹൃദയദൗർബല്യത്തെ ത്യജിച്ച് ഉത്തിഷ്ഠന്മാരാകുകയാണ് നാമിന്ന് വേണ്ടത്. പരമാത്മാവും, നാരായണനുമായ ശ്രീകൃഷ്ണന്റേയും ജീവാത്മാവും നരനുമായ അർജ്ജുനന്റേയും ഐക്യമാണ് ഗീതയുടെ പ്രമേയം. അത് ലോകോത്തരവും, സത്യവും സനാതനവുമാണ്. ഇതാണ് സത്യത്തിൽ ആദ്ധ്യാത്മികമായ ആരോഗ്യം. അതിന്റെ സംസ്ഥാപകനായ ഗീതാചാര്യനെ ഞാൻ മനസ്സാ നമസ്ക്കരിക്കുന്നു. ●




With Best Compliments from

मानक: पथप्रदर्शक:

B.C.JEWEL PALACE
175/2, BEML Main Road, New Thippasandra
BANGALORE-560075
Phone: 080 - 41151507 / 25215768

- 916 HALLMARK GOLD
- DIAMONDS
- PURE SILVER ARTICLES
- CERTIFIED GEM STONES
- 925 SILVER ORNAMENTS

ALL MAJOR DEBIT & CREDIT CARDS ACCEPTED

*With Best Compliments From*

**V.P. Kareem** Mob: 9448348443

**FREE HOME DELIVERY**
Call:
080-22907621

# AVON
## FAMILY RESTAURANT

**Enjoy Authentic Continental, Indian, Chainees Cuisines Sea Food & Desserts with its best quality and taste in a Homely atmosphere**

P.R. Building, Near More Mega Store
Nargavarapalaya Main Road, C.V. Raman Nagar P.O.
Bangalore - 560 093

Our sister Concern

# Nidha Cool Land

**Fresh Juice Milkshakes, Soft drinks, Amul Ice Creams & Special Home make Badam Shake**

**Party order Home Delivery - Call: 9620713121**

# എന്റെ ഗ്രാമം



Benny G.

ദീർഘനാളത്തെ വിദേശവാസത്തിനു ശേഷം ജനിച്ചുവളർന്ന ഗ്രാമത്തിലേക്ക് ഒരു മടക്കയാത്ര. വർഷങ്ങളായി കത്തുകളിലൂടെ മാത്രമായിരുന്നു നാടുമായി ബന്ധം. പട്ടണത്തിലെത്തി ഗ്രാമത്തിലേക്കുള്ള ബസ്സിൽ കയറി യാത്ര തുടങ്ങിയപ്പോൾ ഗതകാല സ്മരണകൾ ഇന്നലെയെന്നപോലെ എന്റെ മനോമുകുരത്തിൽ തെളിഞ്ഞു.

കിന്നരം മീട്ടുന്ന മാലാഖമാരുടെ കഥയും, താരാട്ട് പാട്ടുകളും കേട്ടുറങ്ങിയിരുന്ന ആ ബാല്യം പുസ്തകത്താളിൽ പൊൻമയിൽപ്പീലി ഒളിപ്പിച്ചു വച്ച് അത് വിടരുന്നതും നോക്കി കൗതുകത്തോടെ കാത്തിരുന്ന കുട്ടിക്കാലം.

നാഗരികത ലവലേശം തൊട്ടുതീണ്ടിയിട്ടില്ലാത്ത ഗ്രാമത്തിന്റെ തനതായ സൗന്ദര്യവും ജീവിതശൈലിയും എന്നെ എന്നും ആകർഷിച്ചിരുന്നു. ഒരു വശത്തായി നോക്കെത്താദൂരത്തോളം നിരനിരയായിട്ടുള്ള പാടശേഖരങ്ങൾ. മറുവശത്തായി കുന്നുകളും താഴ്വരകളും. കുന്നിൻചെരുവുകളെ മുട്ടിയുരുമ്മി സ്വച്ഛമായി ഒഴുകുന്ന പുഴ. എങ്ങും പച്ചപ്പട്ട് പുതച്ചുറങ്ങുന്ന ഗ്രാമം. പൂത്തുലഞ്ഞു നിൽക്കുന്ന വയലുകൾ കണ്ണിനു നൽകുന്ന കുളിർമ്മ. അതിരാവിലെ നെൽനാമ്പുകളിലെ മഞ്ഞുകണങ്ങളിൽ പതിയുന്ന സൂര്യകിരണങ്ങൾ വിടർത്തുന്ന മഴവിൽ നിറങ്ങളുടെ നയനാനന്ദകരമായ ആ കാഴ്ചയിൽ എല്ലാം മറന്നുനിന്ന നിമിഷങ്ങൾ എത്രയെത്ര?

അയൽപക്കത്തെ കരിമാടിക്കുട്ടന്മാരായിരുന്നു എന്റെ പ്രധാന സുഹൃത്തുക്കൾ. സമപ്രായക്കാർ. എന്തിനും ഏതിനും ഒരുമിച്ച്. കാറ്റാടി പറത്താനും, ഊഞ്ഞാലാടാനും, ചാഞ്ഞുകിടക്കുന്ന കശുമാവിൻ കൊമ്പത്തേറാനും മത്സരിച്ചിരുന്നു ഞങ്ങൾ. ധനുമാസത്തിൽ പൂത്തുലഞ്ഞു നിൽക്കുന്ന മാവിൻക്കൊമ്പുകൾ ഞങ്ങൾക്ക് മനസ്സ് നിറയെ സന്തോഷം പകരും. "മക്കളെ കണ്ടും മാമ്പൂവ് കണ്ടും മോഹിക്കരുത്" എന്ന് പഴമക്കാർ പറയുമെങ്കിലും, ആ മാമ്പൂവ് എല്ലാം വിടർന്നിരുന്നെങ്കിൽ എന്ന് എന്റെ കുഞ്ഞുമനസ്സ് മോഹിച്ചിരുന്നു. അങ്ങനെയെങ്കിൽ കൈനിറയെ മാമ്പഴം കിട്ടുമല്ലോ? മീന-മേട മാസത്തിലെ ചുട്ടുപൊള്ളുന്ന ചൂടിൽ ചെറുകുളങ്ങളിൽ മുങ്ങാംകുഴിയിടുന്നതും, മണിക്കൂറുകളോളം നീന്തി രസിച്ചതും ഇന്നലെയെന്നപോലെ ഓർമ്മയിൽ തെളിയുന്നു.

ഇടവപ്പാതിയെ വരവേൽക്കുവാനായി ഗ്രാമം കാത്തിരിക്കുന്നതുപോലെയാണ്. ദൂരെ നിന്നു തന്നെ മഴയുടെ ആരവം കേൾക്കാം. ചുട്ടുപഴുത്തു കിടക്കുന്ന ഭൂമിയിൽ ആദ്യത്തെ മഴത്തുള്ളികൾ വീഴുമ്പോൾ ഉയ



രുന്ന മണ്ണിന്റെ ഗന്ധം. അനിർവ്വചനീയമായ ഒരു അനുഭൂതിയാണത്. പിന്നീടങ്ങോട്ട് പ്രകൃതി ഭൂമീദേവിയുടെ ദാഹം ശമിപ്പിക്കുകയാണെന്ന് തോന്നും. മഴ തകർത്താൽ ഒരു തോർത്തുമുണ്ടും ചുറ്റി കരിമാടിക്കുട്ടൻമാർക്കൊപ്പം വെളിയിലേക്ക് ഇറങ്ങുകയായി. മണിക്കൂറുകളോളം വെള്ളത്തിൽ തിമിർത്തുള്ള കളി. അന്നും മഴയെ പ്രണയിച്ചിരുന്ന മനസ്സുകളെ ഞാൻ കണ്ടിരുന്നു.

അതിരാവിലെ പയ്ക്കളെ മേയിക്കാൻ വരുന്ന മൂപ്പന്റെ ചിത്രം ഇന്നും മനസ്സിൽ തെളിഞ്ഞു നിൽക്കുന്നു. കറുത്തുണങ്ങിയ ശരീരവും തലയിൽ ഒരു ചൂരൽക്കൂടയുമായി ഒരുപറ്റം കന്നുകാലികളുമായി മലയോരത്ത് പോകുന്ന മൂപ്പൻ. വയസ്സെത്രയെന്ന് ചോദിച്ചാൽ ഈ ഗ്രാമത്തോളം എന്ന് പറഞ്ഞ് ഞങ്ങളെ കബളിപ്പിച്ചിരുന്നു. ഒരിക്കൽപ്പോലും ചിരി വിടരാത്ത ആ മുഖത്ത് എന്നും ജീവിതത്തിന്റെ ക്ലേശങ്ങൾ നീളൻ ചുളുങ്ങുകളായി തെളിഞ്ഞിരുന്നു. അതുപോലെതന്നെ വീട്ടുജോലിക്കായി വന്നിരുന്ന തളരിത്തള്ള, ഒരു തോർത്തുമുണ്ടുകൊണ്ട് മാറ് മറച്ച് അഹോരാത്രം പണിയെടുക്കുന്ന ഒരു വൃദ്ധ. ഏതു ചോദ്യത്തിനും ഉത്തരം മുറുക്കിച്ചുവന്ന ചുണ്ടുകൊണ്ട് ഒരു ചെറുപുഞ്ചിരിയിൽ ഒതുക്കും. പച്ചയായ മനുഷ്യരുടെ ജീവിത യാഥാർത്ഥ്യങ്ങളിലുള്ള വൈരുദ്ധ്യങ്ങൾ എങ്ങും പ്രതിഫലിച്ചിരുന്നു.

ഗ്രാമത്തിലെ എല്ലാ ഉത്സവങ്ങളും ഒരു ആഘോഷമായിരുന്നു. പ്രത്യേകിച്ച് ഓണം. ജാതിമതഭേദമെന്യേ പണ്ഡിതനും പാമരനും ഒരേ നിറത്തിൽ ആഘോഷിക്കുന്ന ഉത്സവം. തൊടിയിൽ നിന്നും തോട്ടങ്ങളിൽ നിന്നും പൂക്കൾ ശേഖരിച്ച് ഉത്സാഹത്തോടെ ഓണപ്പൂക്കളം ഒരുക്കുന്നതും, കളിമണ്ണു കൊണ്ട് ഓണത്തപ്പനെ ഉണ്ടാക്കുന്നതും എല്ലാം എത്ര രസകരമായിരുന്നു. ഓണക്കോടി ഉടുത്ത് തൂശനിലയിൽ തുമ്പപ്പൂച്ചോറും പത്തുകൂട്ടം വിഭവങ്ങളും കൂട്ടിയുള്ള ഓണസദ്യ. ഓണക്കാലത്ത് ആരെല്ലാം എവിടെയാണെങ്കിലും തിരിച്ച് നാട്ടിൽ വരുവാൻ മോഹിപ്പിക്കും ഈ രുചികൾ. പുന്നെല്ലിന്റെ ഗന്ധം പേറുന്ന കാറ്റ്. ആർപ്പോയും ഈർറോയുമുയർത്തുന്ന വള്ളംകളികൾ. കൈകൊട്ടിക്കളി, പകിടകളി, പുലികളി, അങ്ങനെ പത്തുദിവസമായി നീണ്ടുനിൽക്കുന്ന ആഘോഷങ്ങൾ. ഓണം ഒരുക്കുന്ന വിരുന്നുകൾ എല്ലാം അനിർവ്വചനീയമായിരുന്നു.

ബാല്യം പിന്നിട്ട് കൗമാരത്തിലെത്തിയപ്പോൾ ജീവിതത്തിന്റെ നിറവും അർത്ഥവും മാറിത്തുടങ്ങി. ആദ്യാനുരാഗം രുചിച്ചറിഞ്ഞ നാളുകൾ. പ്രണയം മനസ്സിൽ വിടർത്തിയ അതിരില്ലാത്ത സ്വപ്നങ്ങളും മോഹങ്ങളും. ആരേയും ആകർഷിക്കുന്ന പ്രണയിനിയുടെ സൗന്ദര്യം ആവോളം നുകർന്നു നടന്ന നാളുകൾ. ഗ്രാമത്തിലെ പ്രണയങ്ങൾക്ക് എന്നും ഒരു പ്രത്യേകത ഉണ്ടായിരുന്നു. മിതമായ സംഭാഷണം. പ്രണയ സന്ദേശങ്ങൾ കൈമാറിയിരുന്നത് കണ്ണും കണ്ണും മനസ്സും മനസ്സും തമ്മിലായിരുന്നു. പക്ഷേ അതിനെല്ലാം പല അർത്ഥങ്ങളും വ്യാഖ്യാനങ്ങളും നൽകി നാടും നാട്ടാരും കൊട്ടിഘോഷിച്ചു. അങ്ങനെ സഫലമാവാത്ത പ്രണയത്തിന്റെ വിങ്ങലും പേറി യൗവ്വനാന്ത്യത്തിൽ നാടുവിട്ടു.

ഹ്രസ്വമായ യാത്രയുടെ അവസാനം ഞാൻ ഗ്രാമത്തിൽ എത്തിച്ചേർന്നു. വാഹനത്തിൽ നിന്നിറങ്ങിയ ഞാൻ തെല്ലുനേരം സംശയിച്ചു നിന്നു. ഇത് എന്റെ ഗ്രാമം തന്നെയോ? ഓലമേഞ്ഞതും ഓടിട്ടതുമായ ആ പഴയ കെട്ടിടങ്ങളുടെ സ്ഥാനത്ത് ഇന്നിതാ മണിമാളികകൾ. പരിചയമുള്ള മുഖങ്ങളില്ല. വഴികളുടെ മുഖച്ഛായ തന്നെ മാറിയിരിക്കുന്നു. തെല്ലുനേരത്തെ ശ്രമത്തിനു ശേഷം സ്വന്തം വീട്ടിൽ എത്തി. പക്ഷേ വഴിയിൽ കണ്ട മാറ്റങ്ങളെ ഞാൻ അമ്പരപ്പോടെ വീക്ഷിക്കുകയായിരുന്നു. തുമ്പയും തെച്ചിയും കൊന്നയുമൊന്നും കണികാണാൻ പോലുമില്ല. ഗ്രാമത്തിന്റെ മഹത്തായ സാംസ്ക്കാരിക പൈതൃകം നഷ്ടപ്പെട്ടിരിക്കുന്നു. പ്രകൃതിരമണീയമായ ഗ്രാമത്തിന്റെ മരണം എന്റെ കണ്ണുകളെ ഈറനണിയിച്ചു. വരാൻ പോകുന്ന നിറമില്ലാത്ത, രുചിയില്ലാത്ത ഓണത്തെക്കുറിച്ച് ചിന്തിച്ചപ്പോൾ മനസ്സ് ആർദ്രമായി. ഒരു മാസത്തെ ഗ്രാമവാസം എനിക്ക് ഒരു യുഗംപോലെ തോന്നി. റാന്തൽ വിളക്കും പുള്ളുവൻപാട്ടും അപ്രത്യക്ഷമായിരിക്കുന്നു. ഹരിതാഭ നഷ്ടപ്പെട്ട എന്റെ ഗ്രാമം എനിക്ക് തികച്ചും അന്യമായിരിക്കുന്നു. ആ നഷ്ടപ്പെടലിന്റെ വിങ്ങലുമായി ഞാൻ ഗ്രാമം വിട്ടു.

"ഒരുപക്ഷേ എന്നെന്നേയ്ക്കുമായി..."

With Best Compliments from

SPECIALISTS
dental clinic

Dr.C.Jagadeesh, B.D.S.
Crown & Bridge Tech. (Germany)

# SPECIALISTS DENTAL CLINIC

*A smile increases your face value ... We help you smile better*

At Specialists Dental Clinic, your smile is our top priority.
Our Entire Team is dedicated and geared towards providing you with personalized,
Gentle care that you deserve. Our commitment is to help everyone who visits us,
Make more informed decisions about their oral health needs.

175/A, 1st Floor, Above Vinayaka Medicals,
New Thippasandra Main Road, Indiranagar,
Bangalore-560075
Ph : +91 80 25284361, 25214040,
Mob : +91 98450 15175, Res : +91 80 25243130
Email: drcjagadeesh@gmail.com

Root Canal Treatment
Crown & Bridges
Cosmetic Dentistry
Implants

www.drcjagadeesh.com

*With Best Compliments From*

Phone: (Res): 65627871
Mobile: 9342819436
Prop: Srinivasan

# SAI CONSTRUCTIONS

WE UNDERTAKE PLANS, ESTIMATES & CONSTRUCTIONS

No. 584, M.T.Street, Kodihalli, HAL 2nd Stage (Post)
Bangalore-560008
E-mail: Srini_584@yahoo.co.in

# പ്രിയപ്പെട്ട സലിൽദാ....



**Praveen Kumar K.**

ബാബുരാജും ദേവരാജനും രാഘവൻ മാസ്റ്ററും മലയാളസിനിമയ്ക്ക് അനശ്വരഗാനങ്ങൾ നൽകിയ സുവർണ്ണകാലമായിരുന്നു 1955 മുതലുള്ള വർഷങ്ങൾ. ഈ അമൃതവാഹിനി ഒഴുകുമ്പോഴും മലയാളി ഒരു മാറ്റം ആഗ്രഹിച്ചിട്ടുണ്ടാവണം. "അജാരേ പർദേശി..." എന്ന മധുമതിയിലെ ഗാനം കേട്ട് മലയാളിയുടെ മനസ്സും ഒരു പുതുമയ്ക്കായി പ്രാർത്ഥിച്ചിട്ടുണ്ടാവണം – 'ഇതിലേവരൂ പരദേശി...' എന്ന്. ആ പ്രാർത്ഥന സഫലീകരിക്കപ്പെട്ടു. കിഴക്കിന്റെ സംഗീതവും പടിഞ്ഞാറിന്റെ താളവുമായ് ചെമ്മീൻ എന്ന ക്ലാസിക് സിനിമയ്ക്കുവേണ്ടി സലിൽ ചൗധരി ചിട്ടപ്പെടുത്തിയ ഗാനങ്ങൾ ചിരഞ്ജീവികളായി. ഇന്നും മന്നാഡേയെ മലയാളി ഓർക്കുന്നത് 'മാനസമൈനേ വരൂ...' എന്ന ഗാനത്തിലൂടെയാണ്. കടലിനക്കരെ പോണോരെ..., പെണ്ണാളേ...., പുത്തൻവലക്കാരേ...., എന്നീ ഗാനങ്ങൾ മൂളാത്ത മലയാളി ഉണ്ടാവില്ല. ഇനി സലിൽ ചൗധരിയുടെ വിശേഷതകളിലേക്ക് കടക്കാം.



ഏതു രീതിയിലും ഗാനങ്ങൾ ചിട്ടപ്പെടുത്താൻ കഴിയുമായിരുന്ന ഒരു 'ജീനിയസ്സ്' ആയിരുന്നു അദ്ദേഹം. 'നേഴ്സറി റൈംസ് സ്റ്റൈലിൽ' അദ്ദേഹം അനേകം പാട്ടുകൾ മലയാളത്തിൽ ട്യൂൺ ചെയ്തിട്ടുണ്ട്. 'അമ്പാടി പൂങ്കുയിലേ..., 'കണ്ണിൽ പൂവ് ചുണ്ടിൽ പാല് തേന്...', 'നാടൻ പാട്ടിലെ മൈന....', 'പൂവിരിഞ്ഞല്ലോ...' തുടങ്ങിയവ. മറുവശത്ത് ആരേയും സംഗീതത്തിന്റെ ഭാവസാന്ദ്രതയിലേക്ക് ആഴ്ത്തുന്ന മറ്റ് സംഗീതജ്ഞരെ അത്ഭുതപ്പെടുത്തുന്ന 'സാഗരമേ...', 'ഓർമ്മകളേ...', ആതിരാ പൂവണിയാൻ..., തുടങ്ങിയ ഗാനങ്ങളും. "Salil Choudhary is a rare musician who knows the grammar of music" എന്ന് സംഗീത കുലപതിയായ നൗഷാദ് ഒരിക്കൽ അഭിപ്രായപ്പെട്ടത് ഇതിനാലാകണം. മലയാളത്തിൽ 'സി മേജർ' സ്കെയിലിൽ (ശങ്കരാഭരണത്തിന്റെ 'വെസ്റ്റേൺ വേർഷൻ') ആണ് അദ്ദേഹം കൂടുതൽ ഗാനങ്ങളും ചിട്ടപ്പെടുത്തിയത്. എന്നാൽ മറ്റെല്ലാ സംഗീത സംവിധായകരും എളുപ്പത്തിൽ ചെയ്തിരുന്ന 'മോഹന രാഗം' ഒരിക്കൽപോലും അദ്ദേഹം മലയാളത്തിൽ ഉപയോഗിച്ചിട്ടില്ല എന്നത് അദ്ദേഹത്തിന്റെ വേറിട്ട ശൈലിയുടെ ഉത്തമദൃഷ്ടാന്തമാണ്.

പാട്ടുകൾക്ക് വളരെ ചടുലമായ 'ബി.ജി.എം' നൽകുക എന്നത് അദ്ദേഹത്തിന്റെ പ്രത്യേകതയായിരുന്നു. 'ടെമ്പോ' കുറഞ്ഞ ചില പാട്ടുകളിലും അദ്ദേഹം ഈ പതിവ് തെറ്റിച്ചിരുന്നില്ല. 'ഈ മലർകന്യകൾ...', 'ഓണപ്പൂവേ...', 'കുറുമൊഴിമുല്ല പൂവേ...', 'മനയ്ക്കലെ തത്തേ...', 'കല്യാണപ്രായത്തിൽ...' തുടങ്ങിയ പാട്ടുകൾ ഓർക്കുക.

ഹിന്ദി സിനിമാലോകത്ത് യേശുദാസ് കൂടുതൽ തിളങ്ങിയത് രവീന്ദ്രജയിനിന്റെ സംഗീത സംവിധാനത്തിലാണെങ്കിലും അദ്ദേഹത്തെ ആദ്യമായി ഹിന്ദിയിൽ പാടിച്ചത് സലിൽ ചൗധരിയാണ്. ആനന്ദ്മഹലിലെ 'നിസഗമപനി...' എന്ന ഗാനം ഹിന്ദി സിനിമാലോകത്തെ എക്കാലത്തേയും ശ്രദ്ധേയ ഗാനമായി മാറി. അതുവരെ മലയാളിയുടെ മാത്രം അഭിമാനമായിരുന്ന യേശുദാസ് ആസ്സാമീസ് ഉൾപ്പെടെയുള്ള 15 ഭാഷകളിൽ പാടി ഇന്ത്യയുടെ തന്നെ അഭിമാനമായി മാറി.

സലിൽദായുടെ ക്രാന്തദർശിത്വത്തിനോട് മലയാളി എന്നും കടപ്പെട്ടിരിക്കുന്നു. മാത്രമല്ല ലതാമങ്കേഷ്ക്കറിനെ മലയാളത്തിൽ ആദ്യമായി പാടിച്ചതും സലിൽദായായിരുന്നു (കദളീ ചെങ്കദളീ... (നെല്ല്)). വളരെയേറെ നല്ല ഗാനങ്ങൾ നല്കിയതുവഴി ഒ.എൻ.വി. സലിൽ എന്നത് മറ്റൊരു മറക്കാനാവാത്ത ടീമായി മാറി.

എൺപതുകളിൽ തുടങ്ങി പിന്നീട് ഒരുപാട് ഹിറ്റ് ഗാനങ്ങൾ മലയാളത്തിന് സമ്മാനിച്ച ശ്യാമും കെ.ജെ. ജോയിയും സലിൽചൗധരിയുടെ ശിഷ്യന്മാരായിരുന്നു. സലിൽദായുടെ കീഴിൽ ശ്യാം സഹായിയായി നിന്ന മദനോത്സവത്തിലെ ഗാനങ്ങൾ എന്നെന്നും മറക്കാനാവാത്തതാണ്. 'സന്ധ്യേ...' എന്ന ഗാനം ആലപിയ്ക്കാത്ത ജാനകിയുടെ ഒരു ഗാനമേളപോലും പിന്നീട് ഉണ്ടായിട്ടില്ല. 'സാഗരമേ...' എന്ന ഗാനവും 'നീ മായും...' എന്ന 'പാത്തോസും' അദ്ദേഹത്തിന്റെ ഭാവനകൾക്ക് അതിരുകളില്ലെന്ന് തെളിയിച്ചു.

തുമ്പോളിക്കടപ്പുറമായിരുന്നു മലയാളത്തിലെ അദ്ദേഹത്തിന്റെ അവസാനചിത്രം. ചെമ്മീനെന്ന കടപ്പുറത്തിന്റെ കഥയ്ക്ക് സംഗീതം പകർന്ന് മലയാളത്തിലേക്ക് കടന്നുവന്ന സലിൽദാ ഒരു നിയോഗംപോലെ തുമ്പോളിക്കടപ്പുറത്തിനും സംഗീതം പകർന്ന് "ദൂരേയാത്ര" മൊഴിഞ്ഞു മറഞ്ഞു.

"കാതിൽ തേൻ മഴയായ്
പാടൂ കാറ്റേ കടലേ...
കടൽകാറ്റിൻ മുത്തങ്ങളിൽ
കരൾകുളിർത്താരാരോ
മധുരമായ് പാടും മണി ശംഖുകളായ്"

മലയാളിയുടെ കാതിൽ എന്നും തേൻമഴയ്ക്ക് ഈ കടൽക്കാറ്റ് ഒഴുകി എത്തുന്നു...

*With Best Compliments From*

C.T. Ramanathan
N. Saravanan

Mob: 94481 50961
99860 32637



# Rasi & Company
## Engineers & Contractors

We undertake Crane, Hoist & Electrical Works

32, Venkatapura Main Road, 203, Lumbini Apartments,
Koramangala Bangalore – 560 034
Ph: 080-25530122, E-mail: rasisaravanan@gmail.com

With Best Compliments From

ig

# i-GATE OPTICS

The Vision People

QUALIFIED OPTOMETRIST & CONTACT LENS CLINIC

#315, Kaggadasapura Main Road, C.V.Raman Nagar (P.O.)
Bangalore-560093
Tel: +91 80 40943891, E-mail: info@igateoptics.com

Branches:

Jeevan Bhima Nagar
41534786/25210661

Koramangala
41466056/41330114

R. Rajeshwari Nagar
28603757

Indiranagar
41481400

Kasturi Nagar
42052475/41638536

HSR Layout
42134051/22580319

Frazer Town
40917079

JP Nagar
42229981 / 42229982

Working Hours: 10.00 a.m. to 9.30 p.m.

**OPEN ON SUNDAYS**

www.igateoptics.com

*More than 5 technology areas in trade and representation.*

*More than 30 international partners. More than 500 clients.*

# Need we say more?

*Wireline*

*Wireless*

*Microwave*

*Fibre optics*

*Electromechanical*

*Instruments*

A one-stop source of critical electronic components, systems & instruments for the Indian industry, Aarjay and Elkay are growing to be market leaders in the area of electronics trade representation. In markets like Automotive, Avionics and Aerospace, Military electronics, Space electronics and Telecommunication.

Elkay is the principal company with offices in 3 continents. Aarjay is the marketing arm in India with 4 offices.

The group is the best source for RF and Microwave Components, Optical Components, Wireless/Wireline Components, Electromechanical Components, Test & Measuring Instruments.

Therefore, for your critical component needs, contact us.



**AARJAY INTERNATIONAL PRIVATE LIMITED**

Single source for your critical component needs

948 B, 9 th Main, Vijaya Bank Layout, Bilekahalli, Off Bannerghatta Road, Bangalore 560 076, India **Tel** 080-43409200 **Fax** 080-43409299

**E-mail** aarjay@aarjay.com **Website** www.aarjay.com

| OFFICES | TEL | FAX | EMAIL |
|---|---|---|---|
| **Chennai** | 044-40509200 | 044-40509300 | aarjay_chennai@aarjay.com |
| **Delhi (Noida)** | 0120-407 7000 | 0120-407 7077 | aarjay_del@aarjay.com |
| **Hyderabad** | 040-6666 9980 | 040-6666 9988 | aarjay_hyd@aarjay.com |
| **Pune** | 020-2433 5460 | 020-2433 0881 | aarjay_pune@aarjay.com |
| **Elkay International Inc., USA** | 1-973 927 8647 | 1-973 927 5370 | elkay_usa@elkayintl.com |
| **Elkay International (Europe) BV** | 31-71-524 9290 | 31-71-524 9291 | elkay_europe@elkayintl.com |
| **Elkay International (Asia) Ltd, Hong Kong** | 852-2987 7495 | 852-2987 7485 | elkay_asia@elkayintl.com |


POWERLINE EMI FILTERS
INTERNATIONALLY APPROVED
Total solution to EMI
RoHS ready
CE
C US
NABL
217664
17025:2005
Quality Registrar
ISO 9001:2000
N
ISO 9001-2000 CERTIFIED
EMI SOLUTIONS PVT. LTD.
EMIS
Visit www.emisindia.com

*With Best Compliments From*

# CREATIVE MODEL DESIGNERS

## MFRS. OF ENGINEERING MODELS

#393/4, 4th, main, 4th . Block, 2nd cross, Service Road
1 Stage, HBR Layout Near Ring Road, Bangalore-5600 43
Tel: 080 254 36740 Mob : 9845 800540
E – mail creativemodeldesigners@yahoo.com

### *About Us*

*We are specialized in Making Engineering model. We have Sufficient Office space and Equipped Machines to give you quality & Scale down & Scaled Model.*

### Typical Models Executed

| | |
|---|---|
| # Damper Models for | BEML |
| # Complete Eng Model for | M T R D C |
| # Bahrani model | L R D E |
| # Helicopter Model | H A L |
| # Medical Equipment | PANAEA ENG |
| # Case Model | L & T |

### Also we are specialized in Making

# Bronze Models
# Transparent Models
# Exhibition Models
# Land scarping Models
# Working Models
# Cut Section Models
# Project Models
# Mockup models

We make models to suit your quality, Money, Time & Space.
It give us opportunity admire our workmanship and services.

Thanking you

Yours truly,
CREATIVE MODEL DESIGNERS

# പ്രതീക്ഷ



Sivakumar S.

പകലിന്നിതളുകൾ വാടിക്കൊഴിയുന്നു
പകലോനുമഭ്രപാളിക്കുള്ളിൽ മറയുന്നു.
ചിറകടിച്ചകലുന്നു സന്ധ്യതൻ ശോഭയും
ചിതറിത്തളരുന്നു ജീവിതങ്ങൾ!

തിരതല്ലുമോളങ്ങൾ ശാന്തമായീടുന്നു
തിരളുന്ന യൗവനം തേങ്ങിടുന്നു.
കറുകറുത്താകാശ സീമ, പ്രതീക്ഷതൻ
ശശിരേഖ ചിരി തൂകി നിന്നിടുന്നു.

അകതാരിലുഴലും നിഴൽ വീചി താണ്ടുവോർ
അറിയാതെ സ്തബ്ദം നിലച്ചിടുന്നു!
ഒരു മാത്രചുറ്റിലും വീക്ഷിച്ചു കാൺകയീ
ഒളിമങ്ങിയലയുന്ന ജീവിതങ്ങൾ!





പൊരിവെയിലിലിലരവയറു കേണുതാണ്ടുന്നൊരും
ഇല്ലായ്മ കൊല്ലുന്ന ഏകാന്ത പഥികരും
നാളെയുഷസ്സിന്റെ ചക്രവാളസീമ-
ചാരുതയെ നെഞ്ചിലേറ്റാൻ ഭയക്കുന്നോരും
കാണാക്കയങ്ങളിൽ ആശതൻ നൂൽപ്പാല-
ജാലവിദ്യ, ത്തരം ജീവിതം പേറുന്ന,
പാവങ്ങൾ തെരുവിന്റെ സ്പന്ദനങ്ങൾ!
പരിപാവനമിച്ഛിക്കും ആത്മാവുകൾ!

കാണുന്നുവോ, പിഞ്ചുകവിളിണയിലൊഴുകുന്ന-
നാഥത്വബാല്യത്തിൻ ബാഷ്പബിന്ദുക്കളെ...
കേൾക്കുന്നുവോ, വിശപ്പിൻ വ്രണങ്ങളാൽ
വേദനകൾ പുളയുന്ന ദീനാരവങ്ങളെ...

കനിവിൻ കരങ്ങളാൽ ഹൃദയത്തിലേറ്റണം
കരിപുരണ്ടീയേഴവൃന്ദങ്ങളെ.
തോളോടും തോൾ ചേർത്തുയർത്തണം, നാളെയുടെ
വാഗ്ദാന പൂർണ്ണങ്ങളാക്കിടേണം.

അറിയാതെ മിഴിയാതകക്കാമ്പിലൂടെയീ
അലിവിൻ പ്രതീക്ഷതൻ മാറ്റൊലികൾ
അണയുന്നു പതറുന്നു തിരമാലപോലെയെൻ
അതിവേഗ ജീവന തീരങ്ങളിൽ.

with best compliments from

S.C. Garg
V.R. Garg

25291568
41152149
41268208

# MEENAKSHI ELECTRICALS INDUSTRIES

Dealers for: Electrical Goods Light, Fittings & Chandlers

# 1968, BEML Main Road, HAL 3rd Stage
New Thippasandra, Bangalore - 560 075

HAVELLS

with best compliments from

Prop: J.Venkatprasad

Phone: 25273919
Mobile: 9844071919

# SREE PARIJATHA RICE CORNER

#68, Opp. Petrol Bunk, New Thippasandra Main Road
Bangalore-560075

# 'SACRED GROVE' A WRONG WAY TO DO A RIGHT THING



Sreevidya Dilip

The roots of present ecological crisis as we face in the world today is due to man's unlimited desires, greed, ignorance and materialistic approaches to life. In india from time immemorial the concept of conservation of nature has been carefully woven in to various religious beliefs and customs. In ancient days conservation of nature was related to mythology. For example Dendrolatry is a type of worship where trees are worshipped as god or goddess. The people considered trees as their god because it provides food and shelter to them. Dendrolatry exists through out the country. The trees like Azadirachta, Alstonia, Aegle etc are considered as the sacred trees in Hindu mythology. This belief leads to the existence of small green patches, sacred groves in places of public worship.

Sacred lands are present everywhere in the world. In our country sacred groves are known by different names Kavu in Kerala, Pavitravana in Karnataka, Deoris in Maharashtra, Orans in Rajastan and so on.

Truly each sacred grove is a remnant of evergreen forest which consists of different microhabitat as that of evergreen forest. Even though the surrounding forest was cleared, this small greenery is still existing here on behalf of some superstitious beliefs. So these sacred groves have more ecological importance than that of evergreen forests. The microclimate within the



grove sustains the growth of diverse plants. This biodiversity includes innumerable species of endemic and endangered flora and fauna that have become rare or extinct in other forests. These forests are valuable sources of medicinal plants. Today these medicines have acquired a new place in modern medical technology and international market. These groves are rich in genetic diversity and contain wild varieties of crop species that can help to improve the cultivated varieties. As modern researches are making an effort to restore genetic depletion of species by introducing new and better varieties, these indigenous forests are of great significance.

These groves also cater to the water requirement of neighbouring villages as they contain ponds and streams. The thick forest cover with its litter ensures water retention, soil fertility and transfer of heat. This water retention ensures water for the local residents throughout the year.

Till recently people had deep rooted belief that entry in to these forests for utilizing them for personal benefits will invite the wrath of god with fatal consequences. These beliefs may be superstitious but it was these superstitious which protected all these valuable gene pool for generation together. Thanks to such superstitions.

But this valuable greenery is on the verge of extinction, these sacred groves have been reduced to temple groves and the importance is given to the temple itself. Then the temple groves to temple is just a step away.

It makes good sense to protect and conserve these indigenous forest, as these can do a lot for the present ecological crisis.

With Best compliments from

BANGALORE ELECTRICALS
Contractors & Engineers

# old 35, New 52, St. John's Road, BANGALORE-560042
Tel: 080-25545606, Fax: 25360165
E-mail: bangaloreelectricals@vsnl.com

# MY MOM



Chanjal S. Kumar

I stood there alone in the centre of the crowd,
That indicated and howled at me so loud,
Helplessly I stood gawking at the ground,
Feeling more lonely than now it sounds,
Suddenly on me, I felt a warm touch,
I turned to see who loved me so much,
“MOM” I cried feeling an ease at heart,
And ran in to her welcoming open arms,
I hugged her tight, closing my eyes,
Deafeningly, like a tot, I cried,
After a few, moment or so,
I lifted my head and nobody I saw,
Not a soul there with a negative vibe,
As if it never happened in my life,
I then looked in to my mom's eyes.
A godly grace I notice in them, this time,
I fell back in to her warm loving hands,
'I love you ma', I whispered in her ears.



# വൈക്കം മുഹമ്മദ് ബഷീർ അഥവാ ബേപ്പൂർ സുൽത്താൻ



A.K. Valsalan

ജനനം : 1908 ജനുവരി 21
മരണം : 1994 ജൂലൈയ് 05

മലയാളഭാഷയുടെ മഹാഭാഗ്യമാണ് ബഷീർ. ഒരു സാഹിത്യകാരനെക്കാൾ ഉപരി ഒരു മനുഷ്യസ്നേഹിയായിരുന്നു ബഷീർ. ബഷീറിനെ പരിചയപ്പെട്ട് പിരിയുന്നവരോടെല്ലാം ബഷീർ പറയും "നന്നായി വരട്ടെ" എന്ന്. വിവാഹപ്പിറ്റേന്ന് കണ്ട കാമുകിയോടും ബഷീർ പറഞ്ഞു "മംഗളം ദീർഘ സുമംഗലീ ഭവഃ'.' ഈ അനുഗ്രഹശീലം മനഃപൂർവ്വം വളർത്തിയെടുത്ത ഒരു 'മാനറിസ'മല്ല. ആ സ്വഭാവത്തിന്റെ ഭാഗമാണെന്ന് പലരും പറഞ്ഞും എഴുതിയും കണ്ടിട്ടുണ്ട്.

ബഷീറിന്റെ വാക്കുകൾ നമ്മുടെ നിത്യജീവിതത്തിൽ പഴഞ്ചൊല്ലുകൾ പോലെ നാം ഉപയോഗിക്കാറുണ്ട്. "ഇമ്മിണി വലിയൊന്ന്" പോലുള്ള വാക്കുകൾ. "ചിലപ്പോൾ അവൻ പുനലൂർ രാജന്റെ രൂപത്തിലും വരും", ബഷീറിന് ഭ്രാന്ത് ഉണ്ടായപ്പോൾ പറഞ്ഞതുപോലും നമ്മുടെ ജീവിതത്തിലെ ഒരു ചൊല്ലായി മാറി. ബഷീറിന്റെ പരിഹാസം തുളുമ്പുന്ന കഥാപാത്രങ്ങൾ ഒരുപിടിയുണ്ട്. എട്ടുകാലി മമ്മൂഞ്ഞി, ആനവാരി രാമൻനായർ, ഒറ്റക്കണ്ണൻ പോക്കർ, പൊൻകുരിശ് തോമാ, സൈനബ തുടങ്ങിയവർ ബഷീർ പിന്നെ തലയോലപ്പറമ്പിൽ കണ്ടെത്തിയ ജീവിതത്തിന്റെ നേർ അടയാളങ്ങളായ കഥാപാത്രങ്ങൾ, നമ്മുടെ നിത്യജീവിതത്തിൽ കണ്ടുമുട്ടിക്കൊണ്ടേയിരിക്കുന്നു. അവരെല്ലാം നമ്മുടെ ഉപമകളായി മാറി. ഇത് മറ്റൊരു സാഹിത്യകാരന് അവകാശപ്പെടാൻ കഴിയാത്തതാണ്.

ബഷീറിനെപ്പറ്റി, അദ്ദേഹത്തിന്റെ കൃതികളുടെ എണ്ണത്തേക്കാൾ കൂടുതൽ പുസ്തകങ്ങൾ വന്നു കഴിഞ്ഞു. ജീവിച്ചിരിക്കുന്ന കാലത്തുതന്നെ 'ലജൻഡാ'യിരുന്ന ഒരാളെപ്പറ്റി ഇതുപോലെയുള്ളവ വന്നില്ലെങ്കിലേ അത്ഭുതമുള്ളൂ. ബഷീറിനെക്കുറിച്ച് എന്തെഴുതിയാലും വായിക്കാൻ വായനക്കാരുണ്ട്. അതാണ് ഇത്രയധികം പുസ്തകം ബഷീറിനെക്കുറിച്ച് എഴുതപ്പെടുന്നത്. പക്ഷേ ആധികാരികമായ ഒരു ജീവചരിത്രം ഇല്ലെന്നുതന്നെ പറയാം. അത് ഒരു പോരായ്മ തന്നെയാണ്. സാനു മാഷും ഇ.എം. അഷറഫും എഴുതിയ ബഷീറിന്റെ ജീവചരിത്രംപോലും പൂർണ്ണമല്ല. കാരണം ബഷീറിന്റെ ബാഹ്യരൂപം ഫലിത പ്രധാനമായിരുന്നു. ആ ആവരണം ഭേദിച്ചു ബഷീറിന്റെ ആത്മകഥയിലേക്ക് കടക്കാൻ ആരും ഇഷ്ടപ്പെട്ടില്ല. അല്ലെങ്കിൽ അങ്ങിനെ ഒരു വായന ഇഷ്ടപ്പെട്ടിരുന്നില്ല എന്നതായിരിക്കാം. ആ ബാഹ്യരൂപം പരിചിതമായ ഒരു കളിയിൽ ഒതുക്കി. ഫലിത സാഹിത്യകാരനാക്കി.

ബഷീറിന്റെ കഥകൾ വായിക്കാൻ തുടങ്ങുമ്പോൾ തോന്നാം ഏത് മണ്ടനും ഇത്തരത്തിൽ എഴുതിക്കൂടേ എന്ന്. എഴുതിനോക്കട്ടെ. എഴുതിക്കഴിയുമ്പോൾ അതിലെ വിരസത അയാൾക്ക് തന്നെ അനുഭവപ്പെടും. അപ്പോൾ അയാൾ ഓർക്കും ഇത്രയും സാധാരണ വാക്യങ്ങൾക്ക് ചൈതന്യം നൽകാൻ ബഷീറിന് എങ്ങനെ സാധിക്കുന്നു എന്ന്. ഒരു യോഗിയെപ്പോലെയോ ഒരു സൂഫി സന്യാസിയെപ്പോലെയോ അകന്ന് മാറിനിന്ന് ജീവിതത്തെ കണ്ടുരസിക്കാനുള്ള കഴിവാണ് ബഷീർ കഥകളെ ആർക്കും പ്രിയതരമാക്കുന്നത്.

ഇന്നും സാഹിത്യമാർക്കറ്റിൽ നിലവാരം പോകാത്ത, എഴുതിയ എല്ലാ കൃതികളും അച്ചടിയിലുള്ള, എല്ലാ തലമുറയിലെയും വായനക്കാരുള്ള ഒരേ ഒരാൾ ബഷീർ മാത്രമാണ്. മറ്റുള്ളവരുടെ പ്രധാനകൃതികൾ മാത്രമെ അച്ചടിക്കാറുള്ളൂ. 1943 ൽ എഴുതിയ പ്രേമലേഖനം തൊട്ട് അവസാനം എഴുതിയതുവരെ ഇന്നും അച്ചടിയിലുണ്ട്. എന്നിട്ടും ബഷീറിന് ഒരു ജ്ഞാനപീഠം കിട്ടിയില്ലെന്നത് ദുഃഖത്തോടെ ഏതൊരു മലയാളിയും ഓർക്കുന്നതാണ്. കർണ്ണാടകത്തിൽ 8 ജ്ഞാനപീഠം കൊടുത്തപ്പോഴും ബഷീറിനെപ്പോലുള്ള ഒരു സാഹിത്യകാരനെ അവഗണിച്ചതിലുള്ള രാഷ്ട്രീയം എന്താണെന്ന് അന്വേഷിക്കേണ്ടതാണ്.

മറ്റുള്ള സാഹിത്യകാരന്മാർ ജീവിതത്തെ പ്രസാധക പൂർണ്ണമായി അവതരിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ ബഷീർ വ്യാകുലപ്പെട്ടുകൊണ്ടിരിക്കുന്നു. അദ്ദേഹത്തിന്റെ വ്യാകുലതയുടെ കേന്ദ്രത്തിൽ മനുഷ്യനെന്ന ഒരു ഇച്ഛയെക്കുറിച്ചുള്ള ബോധമുണ്ട്. എത്ര നിസ്സാര

മാണ് മനുഷ്യാവസ്ഥ എന്ന് ബഷീർ സങ്കടപ്പെട്ടു കൊണ്ടിരുന്നു. "അനർഘനിമിഷത്തിൽ" ബഷീർ ചോദിക്കുന്നു, "ആരാണ് എന്റെ കാൽപ്പാടുകളെ മാച്ചു കൊണ്ടിരിക്കുന്നത്?" കാലത്തിന്റെ മഹാസാഗരതീരത്ത് ഞാനിങ്ങനെ നടക്കുകയും എന്റെ മുദ്രകൾ എന്നെന്നും ഉണ്ടാകണമെന്ന് പ്രതീക്ഷിക്കുകയും, പക്ഷേ ഈ കാലടിപാദങ്ങളെ കാലം ഇങ്ങനെ മാച്ചുകളയുകയും ചെയ്യുന്നു. മായാത്ത ഒരു മുദ്ര എങ്ങനെ ബാക്കിയാക്കും എന്ന ജീവിതത്തെ സംബന്ധിക്കുന്ന ഒരു വലിയ ചോദ്യം ബഷീർ തമാശകൾക്കിടയിലും ചോദിച്ചുകൊണ്ടിരുന്നു.

ബഷീറിനെക്കുറിച്ച് നമ്മുടെ ഒരു വലിയ നിരൂപകൻ പറഞ്ഞതുപോലെ ബഷീറിന്റെ കൃതികൾ വായിക്കുമ്പോൾ മനുഷ്യജീവിതത്തിന്റെ അറിയപ്പെടാത്ത ഒരു ഭൂഖണ്ഡത്തിലേക്ക് നാം എത്തിച്ചേരുന്നു. ബഷീറിന്റെ കൃതികളിലൂടെ കടന്നുപോകുമ്പോൾ പലതരത്തിലുള്ള ബോദ്ധ്യങ്ങളുണ്ടാവുന്നുണ്ട്. "പാത്തുമ്മയുടെ ആട്" വായിക്കുമ്പോൾ കാണാൻ പറ്റുന്ന ഒരു കാര്യമുണ്ട്. നാടെല്ലാം ചുറ്റിത്തിരിഞ്ഞ് ബഷീർ വീട്ടിൽ ഇരിക്കുന്ന സമയത്ത് ഉമ്മ ബഷീറിനോട് ഒരു 25 രൂപ ചോദിക്കുന്നു. ബഷീറിന്റെ അടുത്ത് പൈസയൊന്നുമില്ല. എങ്കിൽക്കൂടി ആകെ കൈവശമുള്ള ചെറിയ തുകയിൽ നിന്ന് നുള്ളിപ്പെറുക്കി ഉമ്മയ്ക്ക് 25 രൂപ കൊടുക്കുമ്പോൾ, അപ്പുറത്തേയ്ക്ക് മാറിയിരുന്ന് ഉമ്മ ചിന്തിക്കുന്നത് "ഞാനെന്ത് മണ്ടിയാണ്, ഒരു 100 രൂപ ചോദിക്കാമായിരുന്നു" എന്നാണ് ഉമ്മ ബഷീറിനോട് 100 രൂപ ചോദിക്കാഞ്ഞതിലുള്ള അബദ്ധത്തെക്കുറിച്ച് ഓർക്കുന്നത്. സ്നേഹനിധിയായ മാതാവിലും വാസ്തവത്തിൽ ഇങ്ങനെ ഒരു ചതിയുണ്ടെന്നാണ് ബഷീർ പറയുന്നത്.

ഒറ്റക്കണ്ണൻ പോക്കറുടെ മകൾ സൈനബ 'മണ്ടൻ മുസ്തഫ'യെ പ്രേമിക്കുന്നു. അനുരാഗത്തിന്റെ അടയാളമായി അവൾ ആവിയിൽ വേവുന്ന പുട്ടിനകത്ത് ഒളിപ്പിച്ചുവെച്ച് ഒരു താറാമുട്ട വേവിച്ചെടുക്കുന്നു. ഈ ഒളിപ്പിച്ചു വെച്ച് പുഴുങ്ങിയ മുട്ടയുള്ള പുട്ട് എല്ലാ ദിവസവും സൈനബ മണ്ടൻ മുസ്തഫയ്ക്ക് കൊടുക്കുന്നു. വിശക്കുന്ന മനുഷ്യർ അനുരാഗത്തിൽ ഏർപ്പെട്ടാൽ അനുരാഗത്തിന്റെ ഭാഷ ഇതായിരിക്കും എന്ന് മലയാളത്തിലാദ്യമായി മനസ്സിലാക്കുന്നത് ബഷീർ എഴുതുമ്പോഴാണ്.

മതിലുകൾക്കപ്പുറത്ത് ഒരു ചുള്ളിക്കമ്പ് ഉയർന്നു പൊങ്ങുകയും ജീവനറ്റ ആ ചുള്ളിക്കമ്പ് കണ്ട് നാരായണി സംതൃപ്തയാകുന്നു... മനുഷ്യസമൂഹത്തിന്റെ ലോലമായ അനുഭവത്തെ ബഷീർ കാണിച്ചുതരുന്നു.



ജീവനറ്റ ആ ചുള്ളിക്കമ്പിലും മതിലിനപ്പുറത്തെ കാമുകന്റെ രൂപവും സ്നേഹവും, നാരായണി കാണുകയും സംതൃപ്തിയടയുകയും ചെയ്യുന്നു. സ്നേഹത്തിന്റെ ഭാഷയെ സ്നേഹത്തിന്റെ തലങ്ങളെ ബഷീർ കാണിച്ചു തരുന്നു.

ജീവിതത്തിന്റെ കാണാത്ത ആഴങ്ങൾ ഇരുട്ടുകൾ ഒക്കെ നമ്മുടെ മുമ്പിൽ ഏതോ തരത്തിൽ തലയുയർത്തി നിൽക്കുകയും, ജീവിതമെന്നു പറയുന്ന ഒന്നിന്റെ മഹാവ്യാപ്തിയെക്കുറിച്ച് നമുക്ക് ബോദ്ധ്യപ്പെടുത്തി തരുകയും ചെയ്യുന്നു.

ബഷീറിന്റെ കൃതികൾ ഇങ്ങനെ തീരാത്ത തരത്തിലുള്ള ക്ഷണങ്ങളെ അവശേഷിപ്പിച്ചുകൊണ്ട് പിന്നെയും പിന്നെയും വായിക്കപ്പെടാൻ ആഭ്യന്തരമായി ഊർജ്ജമുള്ളതാക്കുന്നു. ബഷീറിന്റെ കൃതികളിലൂടെ കടന്നുപോകുമ്പോൾ, ആ തമാശകളിൽ ചിരിച്ച് കഴിയുമ്പോൾ പലതരത്തിലുള്ള ബോദ്ധ്യങ്ങളുണ്ടാവും.

1981 ൽ കലാകൗമുദിയിൽ പ്രസിദ്ധീകരിച്ച കഥയാണ് "ശിങ്കിടിമുങ്കൻ". ആ കഥ നമ്മൾ പറഞ്ഞാൽ അതിന്റെ ഭംഗി നഷ്ടപ്പെടുമെന്നത് തീർച്ചയാണ്. എങ്കിലും ആ കഥയുടെ ചുരുക്കം ഇവിടെ കുറിക്കുന്നത് ബഷീർ അവസാനകാലത്തും എഴുതിയ കഥകൾ വളരെയധികം സാമൂഹിക പ്രസക്തിയുള്ളതും, അന്ധവിശ്വാസങ്ങൾക്ക് നേരെ അവസാനംവരെ എഴുതിക്കൊണ്ടിരുന്നു എന്നും കാണിക്കാൻ വേണ്ടിയാണ്. കഥ

*With Best Compliments From*

# MANGALDEEP
## FAMILY MART

EXCLUSIVE GARMENT SHOWROOM FOR
GENTS-LADIES & CHILDREN WEAR

**# 1813, Main Road**
**New Thippasandra, H.A.L. 3rd Stage**
**Opp. Vijaya Bank, BANGALORE-560 075**

**Phone: 080-25252174**

യുടെ ചുരുക്കം ഇങ്ങനെയാണ്...

ഗൾഫിൽ ജോലി ചെയ്യുന്ന റസ്സാക്കും മുസ്ലീം സ്കൂളിൽ ടീച്ചറായ ആയിഷാബീബിയും. സുന്ദരൻ വീടും വെച്ച് സസുഖം താമസിക്കുന്ന ആയിഷ ഗർഭിണിയാവാൻ അല്ലാഹുവിനോട് അപേക്ഷിച്ചു. പ്രവാചകനായ മുഹമ്മദ് നബിയെ വിളിച്ച് അല്ലാഹുവിനോട് പറയാൻ അപേക്ഷിച്ചു. 'ബീമാപ്പള്ളി' മുതൽ 'കാശ്മീരിലെ' 'ബാൽശരീഫ്' (ബാൽശരീഫ് എന്നാൽ പ്രവാചകന്റെ ഒരു താടിരോമം) വരെ പ്രാർത്ഥനകളും. ആയിഷയ്ക്ക് ഗർഭമുണ്ടാവുന്നില്ല.

ക്രിസ്തുമതം ഒന്ന് പരീക്ഷിച്ചു നോക്കി. ദൈവത്തിന്റെ ഏകപുത്രനായ ജീസസ്സിനോടു തുടങ്ങി വേളാങ്കണി വരെ അപേക്ഷകളും പ്രാർത്ഥനകളും. പണം പല ദിക്കിലേക്കും അയച്ചു. ഗർഭിണിയാകുന്നില്ല.

ഹിന്ദുക്കളുടെ പക്കൽ ഒരുപാട് ദൈവങ്ങളും അവതാരമൊക്കെയുമുണ്ട്. കാശിവിശ്വനാഥൻ മുതൽ സത്യസായിബാബവരെ പരീക്ഷണം. ആയിഷ ഗർഭം ധരിക്കുന്നില്ല.

കൊലകൊമ്പന്മാരായ ഡോക്ടർമാർ റസാക്കിനേയും ആയിഷയേയും പരിശോധിച്ചു ചികിത്സിച്ചു. പത്തുവർഷം കഴിഞ്ഞിട്ടും ഗർഭിണിയായില്ല.

പത്രത്തിൽ കണ്ട കുട്ടിച്ചാത്തന്റെ അത്ഭുത പ്രവർത്തനങ്ങളെപ്പറ്റിയുള്ള ഉശിരൻ പരസ്യം ആവശ്യപ്പെട്ട പണം മണിയോർഡർ ചെയ്തു. ആയിഷാബീബിയും ഗർഭവുമായി യാതൊരു ബന്ധവും സ്ഥാപിക്കുന്നില്ല. അങ്ങനെ കഴിയുമ്പോൾ ഇതാ വന്നു ചാടുന്നു, കരിയാത്തൻ പുലയൻ. കരിയാത്തൻ ആരോഗ്യവാനാണ്, വാചാലനാണ്. സ്വന്തമായി വീടും ക്ഷേത്രവുമുണ്ട്. മീൻ തിന്നണം കള്ളുകുടിക്കണം, രണ്ട് ഐച്ഛിക വിഷയമാണ് കരിയാത്തനുള്ളത്.

'പണം പുല്ലായിട്ടുള്ള' ഗൾഫ് മലയാളിയായ റസ്സാക്ക് മുതലാളിയും ആയിഷാബീബിയും കരിയാത്തന്റെ ക്ഷേത്രത്തിലെ ആദിപുലയരുടെ ദൈവമായ ശിങ്കിടിമുങ്കന്റെ ക്ഷേത്രത്തിലെത്തി. അങ്ങനെ ഒരു ദൈവമുള്ളതായി മറ്റു പുലയർ സമ്മതിക്കില്ല. കാളൻ കുളൻ, ചക്കിപൊന്തൻ ഇങ്ങനെ ഒട്ടേറെ ദൈവങ്ങളായി പരന്ന് കിടക്കുന്ന പുലയൻ മഹാജനം ഐക്യബോധമില്ലാത്ത, വിദ്യാഭ്യാസമില്ലാത്ത, ആരാണ് പുലയർ എന്നറിഞ്ഞുകൂടാത്തവരാണെന്ന് കരിയാന്തൻ പറഞ്ഞു. ഹൈന്ദവമേൽജാതിക്കാരന് പറയുന്ന ആരോ കൊടുത്ത ഓമനപ്പേരല്ല്യോ ഹരിജനങ്ങൾ.

കാറ് നിർത്തി ക്ഷേത്രത്തിലേക്ക് റസ്സാക്കും ആയിഷാ ബീബിയും നടന്നു. നായ്ക്കളും പന്നികളും കോഴികളും ആടുകളും നിറഞ്ഞ വഴിയിലൂടെ കുടിലുകൾക്കിടയിലൂടെ നടന്ന് ക്ഷേത്രത്തിലെത്തി. ചിതലുപിടിച്ച് ദ്രവിച്ച് തുടങ്ങിയ ഓലമേഞ്ഞ ക്ഷേത്രം. കയറു കൊണ്ട് കെട്ടിയ വാതിലിന്റെ കെട്ടഴിച്ച് റസ്സാക്കും ആയിഷാബീബിയും പ്രാർത്ഥിച്ചു.

"ഞങ്ങൾക്ക് ഒരു കുഞ്ഞിനെ തരണം"

"മീൻകൊണ്ടൊരു തുലാഭാരം നടത്തിക്കാം."

റസ്സാക്ക് 100 രൂപ എടുത്ത് കരിയാത്തന് കൊടുത്തപ്പോൾ കരിയാത്തൻ പറഞ്ഞു. "ശ്ശൊ, വാങ്ങാൻ എനിക്ക് അധികാരമില്ല, മുൻകോപിയാണ്. അവിടെ കൊടുത്താൽ മതി.' ഒരാഴ്ച കഴിഞ്ഞ് റസ്സാക്ക് സൗദിക്ക് പോയി. മാസം ഒന്നു കഴിഞ്ഞു. ലോകത്തിന് ഒന്നും സംഭവിക്കുന്നില്ല. അപ്പോൾ സംഭവിക്കുന്നു. അത്ഭുതങ്ങളുടെ അത്ഭുതം. ആയിഷ ഗർഭിണിയായ വിവരം അധികം താമസിയാതെ സൗദിക്ക് അർജന്റായി കമ്പി. സന്തോഷം, സന്തോഷം. തിരിച്ച് അർജന്റ് കമ്പി.

ആയിഷയ്ക്ക് ആൺകുഞ്ഞ് ജനിച്ചു.

റസ്സാക്ക് സൗദിയിൽ നിന്നെത്തി.

കരിയാത്തന് ഷർട്ടും, സ്പ്രേയും, ടൈഗർബാമും (ആ കാലഘട്ടത്തിൽ ഗൾഫിൽ നിന്ന് വരുന്നവരെല്ലാം ടൈഗർ ബാം കൊണ്ടുവന്നിരുന്നെന്നും തലവേദന ഇല്ലാത്തവനും കൊടുത്തിരുന്നു. ബഷീർ സൂക്ഷ്മമായി കാര്യങ്ങളെ നിരീക്ഷിച്ചിരുന്നു എന്നതിന് ഉദാഹരണമാണ്.) ആയിഷ 'ശിങ്കിടിമുങ്കന്റെ' വിഗ്രഹത്തിൽ ഒന്നു തൊടട്ടെ എന്ന് ചോദിച്ചു.

കരിയാത്തൻ പറഞ്ഞു 'ഉഗ്രമൂർത്തിയാണ്, മുൻകോപി, സ്വയംഭൂ, സ്ത്രീജനങ്ങൾ തൊട്ടാൽ കരിഞ്ഞ് ചാമ്പലാകും. പിന്നെ പാതിവ്രത്യമുണ്ടെന്ന് നല്ല ധൈര്യമുണ്ടെങ്കിൽ തൊടാം.'

ആയിഷ നിറഞ്ഞ കണ്ണുകളോടെ റസ്സാക്കിനെ നോക്കി.

റസ്സാക്ക് തൊടാൻ പറഞ്ഞു.

ആയിഷ വലതു കൈ നീട്ടി വിറയലോടെ ശിങ്കിടിമുങ്കനെ ഒന്നു തൊട്ടു. ഒന്നും സംഭവിച്ചില്ല.

ക്ലീൻ. പാതിവ്രത്യമുണ്ട്.

ആയിഷയ്ക്ക് നിർവൃതി നിറഞ്ഞ നിമിഷം. റസ്സാക്കിനും.

മീൻ കൊണ്ട് തുലാഭാരം നടത്തി. റസ്സാക്കിനേയും ആയിഷയേയും യാത്രയാക്കി കരിയാത്തൻ ക്ഷേത്രത്തിലേക്ക് തിരിച്ചുനടക്കുമ്പോൾ മീൻകൊണ്ട് എന്തെല്ലാം ചെയ്യണമെന്നതിനെപ്പറ്റി ഓർത്തു.

അയല, കണവ, തിരുക, ആവോലി തുടങ്ങിയതെല്ലാം തുലാഭാരത്തിനായി തിരഞ്ഞെടുത്തത് കരിയാത്തൻ തന്നെയായിരുന്നു.

റസ്സാക്കിനെ യാത്രയാക്കി കരിയാത്തൻ ക്ഷേത്രത്തിലെത്തുമ്പോൾ വാതിൽ തുറന്നു കിടക്കുന്നു. ഉള്ളിൽ നിന്ന് കുറ, മുരക്കം, ചീറ്റൽ, നാട്ടിലുള്ള സർവ്വ പട്ടികളും പന്നികളും പൂച്ചകളും കോഴികളും മീൻ ശാപ്പിടുന്നു.

കരിയാത്തൻ നിന്നു വിറച്ചു. അലറി.

കോഴികളും പട്ടികളും സ്ഥലം കാലിയാക്കി, കള്ളുകുടവും തകർത്ത് മീനിന്റെ പൊടിപോലും ബാക്കിവെക്കാതെ.

"ശിങ്കിടിമുങ്കാ...കഴുവേറിമോനേ.... ഈ പന്നികളും നായ്ക്കളും ഒക്കെ നിന്റെ തന്തയോ?" എന്ന് ചോദിച്ചുകൊണ്ട് കരിയാത്തൻ ശിങ്കിടമുങ്കനെ ആഞ്ഞ് ചവുട്ടി.

ശിങ്കിടിമുങ്കൻ ചരിഞ്ഞുവീണു

അപ്പോഴാണ് ഒരു ഭക്തയും ഭർത്താവും കോഴിയുമായി വരുന്നത് കരിയാത്തൻ കാണുന്നത്. വീണ്ടും താഴെ വീണ ശിങ്കിടിമുങ്കനെ പൊക്കിനിർത്തി മണ്ണിട്ട് ചവിട്ടി ഉറപ്പിച്ചു. അവർ വരുമ്പോഴേയ്ക്കും ശിങ്കിടമുങ്കൻ റെഡി.

അവർ വന്നു.

കുട്ടികളുണ്ടാവാതെ ശിങ്കിടമുങ്കനെ പ്രാർത്ഥിച്ചു കുട്ടികളുണ്ടായ ദമ്പതിമാർ നടത്തിയ മീൻ തുലാഭാരത്തെപ്പറ്റി വന്നവരോട് കരിയാത്തൻ പറഞ്ഞു.

എന്നിട്ട് കള്ളും മീനും എവിടെ എന്നവർ ചോദിച്ചപ്പോൾ കരിയാത്തൻ പറഞ്ഞു

'അന്തർദാനം' മറഞ്ഞുപോയി.

കോഴിയെ ശിങ്കിടിമുങ്കന് കൊടുത്ത് അവർ പോയി. അന്ന് കോഴി ഇറച്ചിയുംകൂട്ടി കള്ളും കുടിച്ച് കിടന്നുറങ്ങുമ്പോൾ കാരിയാത്തൻ സ്വപ്നം കണ്ടു.

ശിങ്കിടിമുങ്കൻ വന്ന് 'ക്ഷമിച്ചിരിക്കുന്നു' എന്ന് പറഞ്ഞു. കരിയാത്തന്റെ ഭാര്യ ചോദിച്ചു. "നമ്മുടെ കല്യാണം കഴിഞ്ഞിട്ട് 20 വർഷം കഴിഞ്ഞു. ഇതുവരെ ഒരു കുഞ്ഞുണ്ടായില്ലല്ലോ.

അത് എന്റെ കുറ്റമല്ലെന്ന് കരിയാത്തൻ ഉറപ്പിച്ചു പറഞ്ഞു.

പുണ്യത്തിനായി ക്ഷേത്രത്തിൽ ആനയെ നടയിരുത്തിയാലോ? എന്ന് റസ്സാക്ക് ചോദിച്ചപ്പോൾ കരിയാത്തൻ പറയുന്നു 'ആനയ്ക്ക് ആനക്കാരെ ചറപറാന്ന് ചവുട്ടിക്കൊല്ലുന്നതാണ് പുണ്യം. ഒരു പശുവിനേയും കുട്ടിയേയും നടയിരുത്തിയാൽ മതി.' റസ്സാക്ക് അമ്പലം പുതുക്കി പണിയിച്ചു. ശിങ്കിടി മുങ്കനെ ആരോ കട്ടുകൊണ്ടുപോയി, കഥ അവസാനിക്കുന്നത് റസ്സാക്ക് മകന് 'ശിങ്കിടിമുങ്കൻ' എന്ന പേരിട്ടാണ്.

ബഷീറിന്റെ സ്ഥിരം ആക്ഷേപ ഹാസ്യശൈലിയിൽ നിന്ന് വേറിട്ടുനിൽക്കുന്ന, ശക്തമായ ഒരു കഥയാണ് 'ശബ്ദങ്ങൾ'. ബഷീറിന്റെ പട്ടാളക്കാരനും ഇപ്പോൾ യാചകനുമായ കഥാപാത്രം പറയുന്നു 'ഇന്ദ്രിയം പലേ വിധത്തിലും ചിന്തും. ചിലത് കുഞ്ഞായിത്തീരും, വളരും. അമ്മ പറഞ്ഞുകൊടുക്കുന്നത് പിഞ്ചു ഹൃദയത്തിൽ ഉറക്കും. വലുതായി വരുമ്പോൾ അവന്റെ വിശ്വാസത്തിനായിരിക്കും മറ്റുള്ളവരുടേതിനേക്കാൾ അവൻ വിലമതിക്കുക. അതിന് മുൻപ് അവൻ ഹിന്ദുവോ, ക്രിസ്ത്യാനിയോ, മുസൽമാനോ അല്ല; മനുഷ്യക്കുഞ്ഞ്.

'ശൂന്യമായ മൈതാനത്ത് അനേകം കത്തിക്കരിഞ്ഞ അടുപ്പുകൾ വ്രണങ്ങൾ പോലെ.....' എന്നെല്ലാമുള്ള ഉപമകൾ ബഷീർ കഥയിലെ പുതുമകളായിരുന്നു.

അജ്ഞാതനായ, കിടന്നുറങ്ങുന്ന യാചകന്റെ അടുത്ത് തന്റെ കുഞ്ഞിനെ കിടത്തി തന്നെ തേടിവന്നവന്റെ അടുത്തേക്ക് പോകുന്ന വേശ്യയായ അമ്മ, നഗരത്തിൽ നിന്നുവന്ന ഉപഭോക്താവിനെ അവൾ പരിഹസിക്കുന്നുണ്ട്.

ഉറുമ്പ് കടിച്ച് നിലവിളിക്കുന്ന കുട്ടിയെ ആ യാചകൻ എടുക്കുന്നതും ഓടിവന്ന് യാചകനെ ചവുട്ടി, കുഞ്ഞിനെ യാചകനിൽ നിന്നും പിടിച്ചുവാങ്ങി ആ അമ്മ പറയുന്നു. 'താൻ ചത്തതാണെന്നാ ഞാൻ കരുതിയേ'. ഒരു ശവത്തിനെയാണ് ആ അമ്മ കുഞ്ഞിനെ ഏൽപ്പിച്ചിരുന്നത്. പക്ഷേ അത് ഉറങ്ങുന്ന ഒരു യാചകനായിരുന്നു.

പച്ചയായ ജീവിതത്തിൽ ഓരോരുത്തരും ഓരോ അനാഥ ജീവിയാണെന്നും ഇഴജന്തുക്കളും പക്ഷികളും പുല്ലും മരവും എല്ലാം മനുഷ്യസമുദായത്തിലെ അകന്ന ബന്ധുക്കളായിരിക്കാം എന്ന് ബഷീറിന്റെ കഥാപാത്രം

പറയുന്നു. ബഷീർ ഏറ്റവുമധികം വിമർശനങ്ങൾ ഏറ്റു വാങ്ങിയ കഥയും "ശബ്ദ'ങ്ങളായിരുന്നു.

ബഷീറിന്റെ കഥയെക്കാൾ ഏറെ നല്ലതാണ് ബഷീറുമായുള്ള അഭിമുഖങ്ങൾ എന്ന് ദൃശ്യമാദ്ധ്യമങ്ങളിൽ കാണുമ്പോൾ നമുക്ക് തോന്നാറുണ്ടായിരുന്നു.

ദൂരദർശനിൽ വന്ന ഒരഭിമുഖത്തിൽ, 'എങ്ങനെയാണ് ഒരു കഥയുണ്ടാകുന്നത് എന്ന് ചോദിച്ചപ്പോൾ 'കഥയായിട്ടുതന്നെയാണ് ഉണ്ടാവുന്നതെന്നാണ്' ബഷീർ ഉത്തരം പറഞ്ഞത്.

കാലിൽ ഒരു സേഫ്റ്റിപിൻ കുത്തിക്കയറിയപ്പോഴുണ്ടായ ഒരു കഥ ഉദാഹരണമായി ബഷീർ പറയുന്നുണ്ട്.

'ഇപ്പോൾ യാത്ര ചെയ്യാറില്ലെ' എന്ന ചോദ്യത്തിന്

'യാത്ര ചെയ്യാൻ വിഷമമുണ്ട്. കാരണം എന്റെ കയ്യിൽ നാല് സ്റ്റൈൽ സാധനങ്ങളുണ്ട്. ശ്വാസംമുട്ടൽ, വയറുവേദന, കാൽമുട്ട് വേദന പിന്നെ പത്രക്കാരോട് ചോദിച്ചാൽ മതി അവരെടുത്ത് കാണും അതിന്റെ ലിസ്റ്റ്'.

മുഖത്ത് നോക്കിയാൽ അസുഖമുണ്ടെന്ന് തോന്നുകില്ല എന്ന് ചോദ്യകർത്താവ് പറഞ്ഞപ്പോൾ 'ഈ മുഖമാണ് എന്റെ ജീവിതപരാജയത്തിന് കാരണം. ഞാൻ മരിച്ച് കിടന്നാലും നിങ്ങൾ പറയും നല്ല ആരോഗ്യമാണെന്ന്. എനിക്ക് 4 ജോഡി ഷൂസും ഷർട്ടും ഉണ്ട്. പക്ഷേ ഞാൻ ധരിക്കാറില്ല. കാരണം ഇപ്പോഴും എന്റെ മനസ്സിൽ പണ്ടത്തെ തുണിയില്ലാത്ത കാലമാണ്'.

മുറ്റത്തെ തെങ്ങിൽ ഒരു ഉണക്കത്തേങ്ങ സൂക്ഷിച്ചിട്ടുണ്ട്. 'അഴീക്കോട്' വരുമ്പോൾ തലയിൽ വീഴ്ത്താനാണ്. സുഖക്കേട് വന്ന വാഴ 'വി. കെ.എന്നി'നെ അടിക്കാൻ. നായന്മാരെ അടിക്കാൻ വേറെ വടിയുണ്ട്. ഇങ്ങനെയുള്ള സംഭാഷണശകലങ്ങൾ ഏറെയുണ്ട്. ബഷീർ മതങ്ങളെ നിർവ്വചിക്കുന്നത് 'രോമ മതങ്ങൾ' എന്നുപറഞ്ഞാണ്. ചിലർ തലവടിച്ച് താടിവെയ്ക്കുന്നു, ചിലർ താടിവടിച്ച് തലമുടി വയ്ക്കുന്നു, ചിലർ ഒന്നും കളയാതെ നീട്ടിവളർത്തുന്നു. ഇതൊക്കെ ഇത്രയേ ഉള്ളൂ. ഇതിലും വലിയ ശാസ്ത്രമൊന്നുമില്ല. ശാസ്ത്രം പറയുന്നത് ശുദ്ധ മണ്ടത്തം. 'രോമ മതങ്ങൾ' അല്ലാതെന്താ?...

ബഷീറിന്റെ നിത്യജീവിതത്തിൽ നിന്നുള്ള ഫലിതങ്ങൾ പലരും കഥകളാക്കി പറയുന്നുണ്ട്.

ഒ.എൻ.വി.യും കെ. ദാമോദരനും ഒരിക്കൽ ബഷീറിന്റെ ബുക്ക്സ്റ്റാളിന്റെ മുൻപിലൂടെ തിരക്ക് പിടിച്ച് പോവുകയായിരുന്നു. ബഷീർ പുറത്തിറങ്ങി ദാമോദരനെ പിന്നിൽ നിന്നും വിളിച്ചു. എന്നിട്ട് ദാമോദരനോട് തിടുക്കത്തിൽ ചോദിച്ചു.

'പിക്കാസോവിന്റെ അഡ്രസ്സ് വേണം'. ദാമോദരൻ ഉറക്കെ ചിന്തിച്ചു തുടങ്ങി. അപ്പോൾ ഒ.എൻ.വി. ഇടപെട്ടു ചോദിച്ചു.

'എന്താ ഇത്ര അത്യാവശ്യം'

ബഷീർ പറഞ്ഞു. 'ഇവിടെ ഞാനൊരു പുതിയ ഷെൽഫ് ചെയ്യിപ്പിച്ചിട്ടുണ്ട്. അതൊന്ന് പെയിന്റടിപ്പിക്കണം'!

സ്വതേ ഗൗരവ പ്രകൃതക്കാരനായ ദാമോദരൻ കുട്ടിക്കളപ്പോലെ പൊട്ടിച്ചിരിക്കാൻ തുടങ്ങിയെന്ന് ഒ. എൻ.വി. ഓർമ്മക്കുറിപ്പിൽ പറയുന്നു.

ഒരിക്കൽ ചായക്കടയിൽ നിന്ന് ബഷീറിന്റെ കുട മാറിയെടുത്ത് പോകുന്ന ആളുടെ പിറകെ ബഷീർ ഓടിച്ചെന്ന് ചോദിച്ചു. "നിങ്ങൾ വൈക്കം മുഹമ്മദ് ബഷീർ ആണോ?"

അയാൾ 'അല്ലെന്ന്' പറഞ്ഞപ്പോൾ എങ്കിൽ ഈ കുട വൈക്കം മുഹമ്മദ് ബഷീറിന്റേതാണെന്ന് പറഞ്ഞു

'ചിലപ്പോൾ അവൻ പുനലൂർ രാജന്റെ രൂപത്തിലും വരും' ബഷീറിന് ഭ്രാന്തുണ്ടായപ്പോൾ പറഞ്ഞതാണെങ്കിലും നമ്മുടെ ജീവിതത്തിലെ പഴഞ്ചൊല്ലായി മാറി.

ചിത്രകലയിൽ വിൻസൻ വാൻഗോഗിന്റെ ചിത്രം പോലെ മലയാള സാഹിത്യത്തിൽ ബഷീർസാഹിത്യം എന്നും വേറിട്ടു നിൽക്കുന്നു. മലയാള സാഹിത്യത്തിലൊരു പ്രതിഭാസത്തെ ചൂണ്ടിക്കാട്ടാൻ വൈക്കം മുഹമ്മദ് ബഷീർ മാത്രമേ ഉള്ളൂ. മലയാളത്തിൽ കുറച്ച് ചെറുകഥകളെഴുതിയ ഒരു എഴുത്തുകാരൻ ബഷീർ രണ്ടാംനിര എഴുത്തുകാരനാണെന്ന് പറയുകയുണ്ടായി. ഒ.വി. വിജയനെയും മറ്റുമാണ് അദ്ദേഹം ഒന്നാം സ്ഥാനത്തിരുത്തിയത്. എന്നാൽ ബഷീർ മരിച്ചപ്പോൾ ഒ.വി.വിജയൻ ബഷീറിന്റെ 'ശബ്ദങ്ങളി'ലെ കുട്ടിയുടെ ഉടലിനെ ഉറുമ്പുകൾ പൊതിയുന്ന രംഗത്തെപ്പറ്റി പറഞ്ഞത് ഇവിടെ ഓർമ്മിക്കുന്നു. "ദൈവമേ...ഞാൻ ഓർത്തു. ഭീഷണമായ ഈ മഹാചരിത്രം ആരുടെ സാംസ്ക്കാരിക പാപ്പരത്തമാണ്? പ്രപഞ്ചത്തിന്റെ വിലാപമായാണ് എനിക്കത് അനുഭവപ്പെട്ടത്. വർഷങ്ങളായി ഞാനും എന്തൊക്കെയോ എഴുതി. എന്നാൽ ആ പുസ്തകത്തിന്റെ (ശബ്ദങ്ങൾ) നിറങ്ങളും തലങ്ങളും

With Best Compliments from

Prop: M. Bhasker Reddy

Mobile: 09945037796
09448025529
off: 080-28531684

# M. ESWAR ENTERPRISES

## Contractors & Order Suppliers

(Manpower Supply)

**Landscape, Design & Maintenance, Construction, Infrastructrure**

# 5, Manjunatha Nilaya, Opp. Ranganatha Layout, Mahadevapura Village & Post, Bangalore 560 048
E-mail: mb1977reddy@gmail.com

എന്നെ ഇന്നും അലട്ടുന്നു". വീണ്ടും വീണ്ടും വിജയൻ ബഷീറിന്റെ പുസ്തകങ്ങളെ പുകഴ്ത്തുന്നുണ്ട്. മുൻപു പറഞ്ഞ ആ ചെറുകഥാകൃത്ത് ഭാഷാപോഷിണിക്കു നൽകിയ അഭിമുഖത്തിലും ബഷീറിനെക്കുറിച്ച് പറയുന്നു. 'മതിലുകൾക്കു ശേഷം ബഷീർ എഴുത്തുകാരനേ അല്ലാതായി, സാഹിത്യത്തിൽ നിന്ന് അകന്നുപോയി, ബഷീർ വെറും മുസ്ലീം മതഭക്തനായി'. 1965 ലാണ് മതിലുകൾ എഴുതിയത്. 1981 ലാണ് ശിങ്കിടിമുങ്കനും മറ്റും എഴുതുന്നത്. അതുപോലും അറിയാതെയാണ് വിമർശനം!

ബഷീറിനെ വിമർശിച്ച മറ്റൊരു മലയാളത്തിലെ പ്രസിദ്ധനായ നിരൂപകൻ ഈയിടെ മരിച്ചു. ബഷീർ നാറുന്ന അശ്ലീലം എഴുതുന്ന ആളാണ്, ശുദ്ധസാഹിത്യം ബഷീർ കൃതികളിലില്ല. ബഷീർ നോവലിസ്റ്റല്ല, ബാല്യകാലസഖി നോവലല്ല, സർവ്വോപരി അദ്ദേഹം സാഹിത്യമോഷ്ടാവാണെന്നും



ഈ നിരൂപകന് ടി. പത്മനാഭൻ ഇങ്ങനെ മറുടി എഴുതി. ഈ നിരൂപകനും ബഷീറും ഒന്നിച്ച് കഥയെഴുതാൻ തുടങ്ങി. കഥയുടെ ലോകത്തിൽ ഒരു മദ്ധ്യാഹ്നസൂര്യനെപ്പോലെ ബഷീർ തിളങ്ങിനിന്നപ്പോൾ, ഒരു മിന്നാമിനുങ്ങിന്റെ വെട്ടംപോലും ഉണ്ടാക്കാൻ കഴിയാതായപ്പോൾ നിരൂപണത്തിനിറങ്ങി.

1957 ൽ ആദ്യ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ ബഷീറിന്റെ 'ന്റെപ്പൂപ്പായ്ക്കൊരാനേണ്ടാർന്നു" എന്ന കൃതി ടെക്സ്റ്റ് ബുക്കാക്കിയപ്പോൾ മറ്റ് രാഷ്ട്രീയക്കാരും വർഗ്ഗീയവാദികളും കോലാഹലങ്ങൾ അഴിച്ചുവിട്ടു. അവരുടെ കൂട്ടത്തിൽ ഈ നിരൂപകന്മാർ ഉണ്ടായിരുന്നു.

1994 ജൂലൈയ് 05 ന് വൈക്കം മുഹമ്മദ് എന്ന മഹാപ്രതിഭ, ബേപ്പൂർ സുൽത്താനെന്ന മലയാള സാഹിത്യത്തിലെ ഇതിഹാസം, മലയാളിയുടെ ഓർമ്മയായി. ബഷീർ മരിച്ചപ്പോൾ വയലായിലെ വീട്ടിൽ കേരളത്തിൽ ഒട്ടുമിക്ക സാഹിത്യകാരന്മാരും സമൂഹത്തിലെ പല തട്ടിലുള്ള മനുഷ്യരും വന്നെത്തി. ഒരു വൻ ജനാവലി അവിടെ തടിച്ചുകൂടി. ചേതനയറ്റ ബഷീറനെ കണ്ടവർ മിക്കവരും പിരിഞ്ഞുപോകാതെ അവിടെത്തന്നെ നിന്നു എന്ന് മാദ്ധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. സാഹിത്യകാരൻ എന്നതിലുപരി ഒരു മനുഷ്യസ്നേഹിയായിരുന്നു ബഷീർ എന്നതിന് തെളിവാണത്.

ഫാബി ബഷീർ നിലവിളിച്ചുകൊണ്ട് പറഞ്ഞുപോലും "മോനേ, റ്റാറ്റയുടെ മയ്യത്തിന് ചുറ്റും ഈച്ചകളുണ്ടോ. ഈച്ചകളെ ഒന്നും ചെയ്യണ്ട." ഈച്ചകളെ കൊല്ലാൻ ബഷീർ സമ്മതിക്കില്ലായിരുന്നുപോലും. ഇതുകേട്ട് അഴീക്കോട് മാഷ് വല്ലാതെ വിഷമിച്ചു എന്ന് ഡോക്ടർ അഷറഫ് പറയുന്നു. പുല്ലും എല്ലാ ജീവജാലങ്ങളും ഭൂമിയുടെ അവകാശികളാണെന്ന് വിശ്വസിക്കുകയും, പറയുകയും ചെയ്ത ബഷീർ ഒരിക്കലും മലയാളികളുടെ മനസ്സിൽ മരിക്കാത്ത ഓർമ്മയാകും. ബഷീർ മരിച്ചപ്പോൾ ഇ.ടി. മുഹമ്മദ് ബഷീർ മാത്രമാണ് മന്ത്രിമന്ദിരത്തിൽ നിന്ന് എത്തിയത്.

മലയാളത്തിന്റെ പ്രിയപ്പെട്ടവനായ ആ മഹാസാഹിത്യകാരൻ അന്തരിച്ചപ്പോൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ഇങ്ങനെ ഒരവഗണന ഉണ്ടായതിന് കലാകൗമുദി 'ലജ്ജയില്ലാത്തവർ' എന്ന ആമുഖം എഴുതി. "അക്ഷരത്തെ വെറുക്കുന്ന ഒരു ഗവൺമെന്റാണ് കേരളം ഭരിക്കുന്നതെന്ന് ഒരിക്കൽക്കൂടി വ്യക്തമായിരിക്കുന്നു..." എന്നു തുടങ്ങുന്ന ആമുഖത്തിൽ സർക്കാരിനെ രൂക്ഷമായി വിമർശിച്ചുകൊണ്ട്, ആമുഖം അവസാനിപ്പിക്കുന്നത് ഇങ്ങനെയാണ്. "അക്ഷരം കൂട്ടി വായിക്കാൻ അറിയാവുന്നവർക്കുപോലും പ്രിയപ്പെട്ടവനായ ആ മഹാസാഹിത്യകാരൻ അന്തരിച്ചപ്പോൾ, മരുന്നിന് ഒരു മന്ത്രിക്കു മാത്രമേ ബേപ്പൂരിലെത്താനായുള്ളൂ. ഇതിൽപ്പരം പരിഹാസ്യമായി ഒന്നും ഉണ്ടാവാനില്ല. ലജ്ജയില്ലാത്തവന്മാർ.

ഒരു രാഷ്ട്രീയ ഏഴാംകൂലി മരിച്ചാൽപ്പോലും ഞെട്ടലും ആഘാതവും പ്രകടിപ്പിക്കാൻ പത്രമാഫീസുകളിലേക്ക് ഓടുന്നവർക്ക് ശ്രീ. വൈക്കം മുഹമ്മദ്ബഷീർ എന്തുകൊണ്ടോ ആദരണീയനായി തോന്നിയില്ല. മലയാളി ഉള്ളന്നും മലയാളമുള്ളന്നും ബഷീറിന്റെ കാൽപ്പാടുകൾ ഇവിടെ ഉണ്ടാകുമെന്ന് തീർച്ച. ആ മഹാപ്രതിഭയുടെ ഓർമ്മകൾക്ക് മുൻപിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

# STAYING DIGITALLY SECURE



**Arun C. Pullat**

I clearly remember the day my father introduced me to my very first computer. It was a fine Bangalore morning way back in 1993, when he first powered on that 80486 CPU with 4 MB of RAM and 256 MB of hard disk space. It may not seem like much now, but it cost a princely amount at the time and remained useful for a good 5 years. The internet first entered our house a few years later via a dial-up connection that used to render images on line at a time, and prepared us for life in a country where the most basic services used to involve a substantial waiting time in a lengthy queue.

A couple of months back, I acquired my first Smartphone – a mesmerizing piece of technology the size of my palm with processor, memory and storage capacity equivalent to the desktops we were using 5 years back. In addition to this, I make use of several other systems both at home and work and spend a good deal of my time online.

With the advent of Google, the internet has become a goldmine of information; Facebook and other social networking sites took our social lives online; most banks and financial institutions permit us to make all payments online; we can have food delivered at our doorstep after a few clicks of the mouse from the comfort of our study. The internet and the software that runs on it allows me to find out what my best friend residing across the globe had for breakfast, talk to my colleagues from Japan, Europe or the Americas over a video chat session, listen to the latest music from radio stations based in other continents, get directions to the nearest Italian restaurant or ATM or petrol station, book travel tickets in a few minutes or read digital books in my spare time – using a device that snugly fits my palm while I'm sitting in the back seat of a taxi. Add to this the ubiquitous services like e-mail, telephony and messaging – and you have the option of staying connected to the grid almost anytime, anywhere.

Yes, the internet is an immensely powerful piece of technology, and like all powerful artifacts it can bring out the best and the worst in people. It is rapidly evolving, massively interconnected and has a very long memory despite all the appearances of an anonymous world where you believe that your digital life is both private and secure. In real life (or IRL, the internet lingo for life that happens outside a screen), people take all kinds of precautions to keep themselves and their families safe – locking their doors, keeping valuables in lockers and not making indiscreet comments in public. And yet these same individuals often mistakenly assume that similar precautions aren't needed in their digital lives – and the consequences can range from the merely uncomfortable to the highly traumatic.

I work at McAfee – a company that most of the people I meet still refer to as a Computer Anti-Virus company. Most people that come to me for advice ask me this very simple question: Which anti-virus is the best for their new laptop/desktop/mobile? To this, my usual answer is to ask them to refer to detailed review websites which explain in detail the feature sets offered by each security suite like McAfee or Norton. The reasons behind this are primarily to get people educated about the vast array of plausible attacks upon their systems, and

secondly to make them understand that the Security software is just one shield in their armory for use against malicious software and systems. But in today's fast paced world where time is premium, most folks would prefer to just get a name, install the security software and believe that they are secure. Having security software installed is indeed much better than having no protection at all, but there are still several precautions each individual has to take to ensure that their digital security doesn't get breached.

***SSH or Telnet:*** An anecdote that I like to share is about one of the experiments I and my friends had tried in the computer lab at the Engineering College. Our computer lab used to have a client-server architecture, where all services such as e-mail and technical resources were hosted on a central server, and people used to login to this server from remote consoles. There were two protocols that one could use to login – SSH and Telnet. SSH is a secure protocol where all communication between the server and client is encrypted, while in the case of Telnet this communication is in plain-text. Using SSH was as simple as using Telnet – which meant that the users preferring the latter were either ignorant about its security issues, or resistant to change from Telnet (which was an older protocol). By plotting the layout of the network cables in our lab, we were able to identify machines where we installed software that could intercept network traffic (Ethereal, now known as Wireshark) and capture the passwords used by those still using the telnet protocol. We then sent them private e-mails and succeeded in educating users about SSH by demonstrating to them how easily their security had been compromised. These users (Computer Science engineering students) had been making use of very strong passwords (upper and lower case alphabets, numbers, special characters), but inherent weaknesses in their methods had caused their accounts to be compromised.

Outside the lab, this can be extrapolated to the "http" and "https" protocols which most of us use to surf the web. The next time your Web browser (Internet explorer, Firefox, Chrome, Safari, Opera etc.) throws up a warning about an "unsecured connection", pay good heed to it.

***Koobface:*** Another highly dangerous example of malicious software that I encountered a while back was the Koobface epidemic on Facebook, Twitter and other social networking sites. Most viruses and malicious software make use of USB drives and poor firewalls to breach systems, but Koobface was an example of Social Engineering. In real life, an example of Social Engineering could be that you receiving a phone call from someone who gives you some cursory information on themselves, asking for some seemingly harmless information (such as who is in charge of a particular project, his/her extension number, etc.). Social Engineers are masters at manipulating people into providing the answers they need and piecing all these bits and pieces together to form a larger picture which often provides private and confidential data.

Koobface utilized this idea in the digital world of social networking. Facebook is a website where we routinely enjoy content shared by our friends – like videos, photos etc. Since this content is shared by our friends, we rarely expect any of this to be malicious and click these links without fear or concern (sounds a lot like the "I love you" e-mail virus that ravaged systems a decade back, doesn't it?). Upon clicking the video links, users were told that the software required to play these videos wasn't installed on their computers, and that they would have to download and install a harmless looking file. To most security experts, these look like obvious signs of malicious software – but to the vast majority of users out there, these are just steps towards quickly seeing that fun video posted by their friend. By the time this is completed, the video will

*With Best Compliments From*



# SRI LAKSHMI ENGINEERING WORKS

**We undertake all Steel Structural Works, Trusses, Steel Windows, Rolling Shutters etc.**

**(MES Contractor)**

**#199, Jeevan Bhimanagar**
**(Holy Mother School Compound)**
**Bangalore-560075**

**Ph: 25451705, 25295924 (Off), Mob: 9343701974**



With Best Wishes

from

# HI-TECH PROJECTS

**(ANCILLARY TO M/S, BHARATH ELECTRONICS)**

B-12, BEL Industrial Estate, Jalahalli, Bangaloe - 560 013
Phone : 080 - 23451294, Fax : 080 - 28386416
E-mail : Hi_techprojects@rediffmail.com


AGMATEL
PARTNERING INNOVATION
Digital Oscilloscopes
Computer Notebooks
Arb. Function Generators
UPS
Creating Value through
INNOVATION
Digital Multimeters
Thin Clients
Signal Generators
Check the Slim & stylish Information Kiosk
Select products available on DGS&D Rate Contract
